# നദികളും മണലും

ആനന്ദ്



Nadikalum Manalum

Anand

(Malayalam: Article)

© 2014-2020, P. Sachidanandan

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Detail from La Marseillaise by François Rude, the sculpture by François Rude (1784 – 1855). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# 1

# നദികളും മണലും

മനുഷ്യജീവിതം എന്നപോലെ, വിശാലമായ പ്രകൃതിയും വൈവിധ്യങ്ങളുടെ കലവറയാണ്. സ്ഥലവും സന്ദർഭവുമായി ബന്ധിച്ചുവേണം വസ്തുതകളെയും സംഭവങ്ങളെയും മനസ്സിലാക്കുക. ശാസ്ത്രീയവും യുക്തിയുക്തവുമായ വിശകലനം അതിനെ പിന്തുടരണം. പോരായ്മകൾ പിന്നെയും വന്നേക്കാം. പക്ഷേ, അതാണ് ആരോഗ്യകരമായ രീതി. പോരായ്മകൾ സ്വീകരിക്കാനും തിരുത്താനുമുള്ള ഇടം ശാസ്ത്രീയസമീപനത്തിൽ എപ്പോഴുമുണ്ട്.

> നദികൾ ഒട്ടും സ്പർശിക്കാനരുതാത്ത പ്രതിഭാസങ്ങളാണെന്ന ധാരണ ശരിയല്ല. ആദികാലംതൊട്ട് മനുഷ്യൻ പ്രകൃതിയിൽ ഇടപെട്ടുകൊണ്ടിരുന്നു. എല്ലാ ഇടപെടലുകളും ശരിയല്ല എന്നപോലെ എല്ലാം തെറ്റുമല്ല. ഇടപെടലുകൾ സന്തുലിതമാക്കുവാനുള്ള ശ്രമത്തിലാണ് നാം.

മറിച്ച്, സാമാന്യവത്കരിക്കപ്പെട്ട വീക്ഷണവും ആധികാരിക നിലപാടും മൗലികവാദത്തിലേക്ക് നയിക്കുന്നു. ധാരണകൾ ജനപ്രിയത നേടുക കൂടി ചെയ്യുമ്പോൾ എല്ലാം വിശ്വാസങ്ങളായിത്തീരുന്നു. പ്രയോക്താക്കളെന്നപോലെ പൊതുജനവും സ്വയം നിർമിതമായ കൂടുകളിൽ അടയ്ക്കപ്പെടുന്നു. ലേബലിങ്വഴി ആശയവിനിമയത്തിന് വഴിമുടക്കപ്പെടുകയാണ് ഒരു ദുരന്തം. വേറൊന്ന് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതകൾ തമസ്കരിക്കപ്പെടുകയും അപകടകാരണങ്ങൾ പലതും പിൻവാതിലിലൂടെ രക്ഷപ്പെടുകയും.

> പ്രായോഗികവും സന്തുലിതവുമായ ഒരു മധ്യമാർഗം ആരായുവാനുള്ള ശ്രമമാണ് നടക്കേണ്ടത്. പകരം താരതമ്യേന ചെറിയ ഘടകങ്ങളെ ഉന്നംവെച്ചുള്ള ആരോപണ പ്രത്യാരോപണങ്ങളുടെ ചുഴിയിൽ നാം പെട്ടുപോകുന്നു. ഭൂകമ്പംവരെ നദികളിലെ മണൽവാരലുമായി ബന്ധിച്ച് കാണിക്കപ്പെടുന്നു. പാറ, മണൽ ഖനനത്തെ അപലപിക്കുമ്പോൾ ഈ സാമഗ്രികൾ ആവശ്യമാക്കുന്ന നിർമാണപ്രക്രിയയിൽ നമ്മളെല്ലാവരും വ്യക്തിപരമായിത്തന്നെ പങ്കെടുക്കുന്നു. Tragedy of commons എന്ന് പറയാം.

നദികളെയും ജലത്തെയും കുറിച്ചുള്ള ചില സമകാലീന വിവാദങ്ങളാണ് ഇത്രയും പറയാൻ കാരണം. നദികൾ മരിക്കുന്നു, ജലം ദുർലഭമാകുന്നു എന്നൊക്കെ വൈകാരികമായി വിളിച്ചുപറയുമ്പോൾ നാം, നമ്മൾ സ്വയം കാരണക്കാരായ സുപ്രധാനമായ വസ്തുതകളെ സ്പർശിക്കാൻ മടിക്കുന്നു. കഴിഞ്ഞ അരനൂറ്റാണ്ടിൽ ജലത്തിന്റെ ഉപഭോക്താക്കളുടെ സംഖ്യ മൂന്നോ നാലോ മടങ്ങായി. മാറുന്ന ജീവിതശൈലികാരണം ആളോഹരി ഉപഭോഗം ഗണ്യമായി വർധിച്ചു. ഭക്ഷ്യോത്പാദനത്തിന്റെ ആവശ്യം ഏറിയതുകാരണം വലിയ ഒരളവ് ജലം ജലസേചനത്തിനായി തിരിച്ചുവിടേണ്ടിവന്നു. പൊതുസ്ഥാപനങ്ങൾ, വ്യവസായങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ എന്നിങ്ങനെ പുതിയ ഉപഭോക്താക്കൾ രംഗത്തുവന്നുകൊണ്ടിരിക്കുന്നു. ജലമാകട്ടെ, മുമ്പുണ്ടായിരുന്ന മാത്രയിൽത്തന്നെ. ഉപരിതല ശേഖരണം എതിർപ്പുകൾ നേരിടുമ്പോൾ ഭൂഗർഭശേഖരണത്തെ സഹായിക്കുന്ന ഘടകങ്ങൾ നാംതന്നെ ഇല്ലാതാക്കുന്നു. കൃഷിഭൂമിയും വനഭൂമിയും ജനസംഖ്യാസമ്മർദംമൂലം നഷ്ടമാകുന്നു. തിരിച്ചുപോക്കില്ലാത്തതും ഒഴിവാക്കാനരുതാത്തതുമാണ് പലതും. നിയന്ത്രിക്കാൻ സഹായിക്കുന്ന ജീവിതശൈലീമാറ്റത്തിന് നാമാരും തയ്യാറുമല്ല. നദികളെന്നല്ല, ഭൂമിതന്നെയും ക്രമാതീതമായി പെരുകുന്ന മനുഷ്യരെ പോറ്റാമെന്ന് ഏറ്റിട്ടില്ലല്ലോ. ഈ അവസ്ഥയിൽ പ്രായോഗികവും സന്തുലിതവുമായ ഒരു മധ്യമാർഗം ആരായുവാനുള്ള ശ്രമമാണ് നടക്കേണ്ടത്. പകരം താരതമ്യേന ചെറിയ ഘടകങ്ങളെ ഉന്നംവെച്ചുള്ള ആരോപണ പ്രത്യാരോപണങ്ങളുടെ ചുഴിയിൽ നാം പെട്ടുപോകുന്നു. ഭൂകമ്പംവരെ നദികളിലെ മണൽവാരലുമായി ബന്ധിച്ച് കാണിക്കപ്പെടുന്നു. പാറ, മണൽ ഖനനത്തെ അപലപിക്കുമ്പോൾ ഈ സാമഗ്രികൾ ആവശ്യമാക്കുന്ന നിർമാണപ്രക്രിയയിൽ നമ്മളെല്ലാവരും വ്യക്തിപരമായിത്തന്നെ പങ്കെടുക്കുന്നു. Tragedy of commons എന്ന് പറയാം.

നദികളിലേക്ക് വരാം. നദികളുടെ hydraulics പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. വൃഷ്ടിപാതം, കാച്ച്മെന്റിലെ മണ്ണൊലിപ്പ്, പാതയുടെ gradient ഉം വീതിയും തടസ്സങ്ങളും മാനുഷികമായ ഇടപെടലുകളും ഇങ്ങനെയിങ്ങനെ. വ്യത്യസ്തനദികളിൽ വ്യത്യസ്ത രീതികളെന്നപോലെ, ഒരു നദിയിൽത്തന്നെ പലയിടത്തും അത് പലസ്വഭാവം കൈക്കൊള്ളാം. ജലം മാത്രമല്ല, മണലും മണ്ണും കൂടിയാണ് നദികൾ വഹിക്കുന്നത്. മണലും മണ്ണും കടൽവരെ പോകാതെ പലപ്പോഴും മാർഗത്തിൽ പലയിടത്തും നിക്ഷേപിക്കപ്പെടുന്നു. ചിലപ്പോൾ പ്രവാഹം അടിത്തട്ടിനെ കാർന്ന് കൊണ്ടുപോകുന്നു (Degradation). ചിലപ്പോൾ മണൽ നിക്ഷേപിച്ച് അടിത്തട്ടിനെ ഉയർത്തുന്നു (Aggradation). ചിലപ്പോൾ ഒരു തീരത്തെ ഉയർത്തുകയും മറ്റേതിനെ കാർന്നെടുക്കുകയും ചെയ്യുന്നു.

ഇങ്ങനെ വരുമ്പോൾ വ്യത്യസ്തനദികൾ വ്യത്യസ്ത ശ്രദ്ധ ആവശ്യപ്പെടുന്നതായി കാണാം. ഒരു നദിയിൽത്തന്നെ വിവിധ മേഖലകൾ, വിവിധ സമീപനവും. ഉത്തരേന്ത്യയിൽ ഗംഗയുടെ ചില പോഷകനദികളുടെ അടിത്തട്ട് തീരങ്ങളോളം ഉയരുന്ന അവസ്ഥയുണ്ട്. വർഷകാലത്ത് കരകവിഞ്ഞ് അവ വ്യാപകമായ കെടുതികൾ ഉണ്ടാക്കുന്നു. ചിലപ്പോൾ ഡ്രെഡ്ജിങ് ആവശ്യമായി വരും. വെള്ളമിറങ്ങുമ്പോൾ cunnette-കൾ (ചാലുകൾ) വെട്ടി നീരൊഴുക്ക് വേണ്ട വഴിക്ക് തിരിച്ചുവിടുകയും. തീരപ്രദേശങ്ങളെ സംരക്ഷിക്കുവാനായി നദിയിലേക്ക് തള്ളിനിൽക്കുന്ന തിണ്ടുകൾ പണിയും. River Training Works-ന് പരീക്ഷണങ്ങളും മോഡൽ സ്റ്റഡികളും നടത്തുക പതിവുണ്ട്.




Photo: Arayilpdas

ഇത്രയും പറഞ്ഞത് നദികൾ ഒട്ടും സ്പർശിക്കാനരുതാത്ത പ്രതിഭാസങ്ങളാണെന്ന ധാരണ ശരിയല്ലെന്ന് കാണിക്കുവാനാണ്. ആദികാലംതൊട്ട് മനുഷ്യൻ പ്രകൃതിയിൽ ഇടപെട്ടുകൊണ്ടിരുന്നു. എല്ലാ ഇടപെടലുകളും ശരിയല്ല എന്നപോലെ എല്ലാം തെറ്റുമല്ല. ഇടപെടലുകൾ സന്തുലിതമാക്കുവാനുള്ള ശ്രമത്തിലാണ് നാം. അമിതമായ ഇടപെടലുകൾ ഒഴിവാക്കണമെന്നപോലെ ആവശ്യമായവ വേണംതാനും. കാരണം മനുഷ്യൻ പ്രകൃതിയും നദികളുമൊത്ത് സഹവസിക്കുന്നു. പരസ്പരം കൊണ്ടും കൊടുത്തും. നമുക്കാവശ്യമായ ജലം മാത്രമല്ല, മണലും ചെളിയും വളവും നദികൾ എത്തിക്കുന്നു. വെള്ളത്തിൽ പൊന്തിവരുന്ന മരത്തടികൾ പെറുക്കിയെടുത്ത് ഉപജീവനം തേടുന്നവരെ കാണാം ബ്രഹ്മപുത്രയിൽ.


നദികളിൽനിന്ന് മണലെടുക്കുക എന്ന് കേൾക്കുമ്പോൾ ഒരു പാതകംപോലെ ഞെട്ടേണ്ടതില്ലെന്ന് സാരം. Degradation സംഭവിക്കുന്ന നദികളിൽ അത് അപകടകരമാണ്, തീർച്ച. Aggradation ഉള്ളിടത്ത് പലപ്പോഴും ആവശ്യമാണ്. ഭാരതപ്പുഴയുടെ ചില മേഖലകൾ ഈ വിഭാഗത്തിൽപ്പെടുമെന്നാണ് മനസ്സിലാക്കേണ്ടത്. വിശേഷിച്ചും അവിടവിടെ ഉയർന്നുവന്നിരിക്കുന്ന വലിയ തിട്ടകൾ. ഇവയെ ഭാവനാത്മകമായി ഉദാത്തവത്കരിക്കുന്ന ഒരു പ്രവണതയുണ്ട്; നദിയുടെ ഹൃദയമായും കരളായും ഉപമിച്ചുകൊണ്ട്. വസ്തുതകളെ കൂടുതൽ സമർത്ഥമായി പ്രതിഫലിപ്പിക്കുമ്പോഴായിരിക്കും കവിത അതിന്റെ ധർമം നിവേറ്റുക; അവയിൽനിന്ന് അകന്നുപോകുമ്പോഴല്ല.

വിവാദം ഉണ്ടാക്കുകയല്ല, വിവാദങ്ങൾ തമസ്കരിക്കുന്ന യാഥാർഥ്യങ്ങളെയും വസ്തുതകളെയും കണ്ടെത്തുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വികസന/സംരക്ഷണ പ്രശ്നത്തിലേക്ക് കടക്കാതെതന്നെ പറയാം, നദികളിൽനിന്ന് മണലെടുക്കുന്നതിനെപ്പറ്റി മെട്രോ അഡ്വൈസർ ശ്രീധരൻ മുന്നോട്ടുവെച്ച നിർദേശങ്ങൾ പരിഗണനയർഹിക്കുന്നുവെന്ന്. എവിടെനിന്ന്, എത്രത്തോളം, ഏതുവിധത്തിലാണെന്ന് ശാസ്ത്രീയമായി തീരുമാനിക്കാൻ സർവേയും പഠനവും ആവശ്യമായേക്കാം. അത് ചെയ്യാവുന്നതേയുള്ളൂ.

ആരോപണ പ്രത്യാരോപണങ്ങൾ ഒഴിവാക്കി തുറന്ന മനസ്സോടെയുള്ള സമീപനമാണ് ആവശ്യം. തുറന്നതും സുതാര്യവുമായ നയം അഴിമതിയും കരിഞ്ചന്തയും അനാശാസ്യമായ പ്രവർത്തനങ്ങളും ഒഴിവാക്കും. ഫലം നദികൾക്കും നദികളെ ആശ്രയിക്കുന്ന മനുഷ്യർക്കും ജീവജാലങ്ങൾക്കും ഗുണകരമാവുകയും ചെയ്യും. കാരണം ഒരു തുറന്ന സമീപനത്തിന്റെ അഭാവത്തിൽ മോഷണമാണ് നടക്കുക. അതാകട്ടെ അരുതാത്തയിടങ്ങളിൽ നിന്നാണ് അധികവും ഉണ്ടാകുക.

□

## ആനന്ദ്



പി. സച്ചിദാനന്ദൻ എന്ന ആനന്ദ് 1936-ൽ ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകന്റെ മകനായി ഇരിങ്ങാലക്കുടയിലാണ് ജനിച്ചത്. തിരുവനന്തപുരം എൻജിനീയറിങ്ങ് കോളേജിൽ നിന്ന് 1958-ൽ സിവിൽ എൻജിനീയറിങ്ങിൽ ബിരുദം നേടി. നാലു കൊല്ലത്തോളം പട്ടാളത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ന്യൂഡൽഹിയിൽ സെൻട്രൽ വാട്ടർ കമ്മീഷനിൽ നിന്ന് പ്ലാനിങ്ങ് ഡയറക്ടറായി വിരമിച്ചു.

നവീന മലയാള നോവലിസ്റ്റുകളിൽ മനുഷ്യാനുഭവങ്ങളുടെ വ്യത്യസ്തമായ മേഖലകളിലൂടെ സഞ്ചരിച്ച എഴുത്തുകാരനാണ് ആനന്ദ്. അതുവരെ മലയാളത്തിന് അപരിചിതമായിരുന്ന മനുഷ്യാവസ്ഥകൾ ആവിഷ്കരിക്കാൻ അദ്ദേഹം ഉപയോഗിച്ച ശൈലിയും വ്യത്യസ്തമായിരുന്നു. നോവൽ, കഥ, നാടകം, ലേഖനം, പഠനം തുടങ്ങിയ വിഭാഗങ്ങളിലായി ഇരുപതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആൾക്കൂട്ടത്തിനു ലഭിച്ച യശ്പാൽ അവാർഡും, അഭയാർത്ഥികൾക്കു ലഭിച്ച കേരള സാഹിത്യ അക്കാദമി അവാർഡും സ്വീകരിച്ചില്ല. വീടും തടവും, ജൈവമനുഷ്യൻ, എന്നിവ കേരള സാഹിത്യ അക്കാദമി അവാർഡും, മരുഭൂമികൾ ഉണ്ടാകുന്നത് വയലാർ അവാർഡും, ഗോവർദ്ധനന്റെ യാത്രകൾ 1997-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും നേടി. മഹാശ്വേതാദേവിയുടെ കവി ബന്ദ്യഘടിഗായിയുടെ ജീവിതവും മരണവും എന്ന കൃതിയുടെ മലയാള വിവർത്തനത്തിന് 2012-ൽ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു.

ആനന്ദിന്റെ മുപ്പത്തിനാലാം വയസ്സിലാണ് ആദ്യനോവലായ ആൾക്കൂട്ടം പ്രസിദ്ധീകരിക്കപ്പെടുന്നത്. പ്രസിദ്ധ മലയാളനിരൂപകനായ എം ഗോവിന്ദന്റെ സാധകമായ ഇടപെടലുകൾ ഇല്ലായിരുന്നെങ്കിൽ ഒരു പക്ഷെ ഇന്ന് നമുക്ക് ആനന്ദ് എന്ന വിശ്രുതനായ എഴുത്തുകാരനെ കിട്ടുകയില്ലായിരുന്നു.

## പ്രധാന കൃതികൾ

### നോവൽ

ആൾക്കൂട്ടം; മരണസർട്ടിഫിക്കറ്റ്; ഉത്തരായനം; മരുഭൂമികൾ ഉണ്ടാകുന്നത്; ഗോവർധന്റെ യാത്രകൾ; അഭയാർത്ഥികൾ; വ്യാസനും വിഘ്നേശ്വരനും; അപഹരിക്കപ്പെട്ട ദൈവങ്ങൾ; വിഭജനങ്ങൾ; പരിണാമത്തിന്റെ ഭൂതങ്ങൾ; ദ്വീപുകളും തീരങ്ങളും

### കഥകൾ

ഒടിയുന്ന കുരിശ്; ഇര; വീടും തടവും; സംവാദം; അശാന്തം; നാലാമത്തെ ആണി; സംഹാരത്തിന്റെ പുസ്തകം; ചരിത്രകാണ്ഡം; കഥകൾ; ആത്മകഥകൾ; എന്റെ പ്രിയപ്പെട്ട കഥകൾ (സമാഹാരം)

### നാടകം

ശവഘോഷയാത്ര, മുക്തിപഥം

### ലേഖനങ്ങൾ

ഇടവേളകളിൽ; സ്വത്വത്തിന്റെ മാനങ്ങൾ; നഷ്ടപ്രദേശങ്ങൾ; കണ്ണാടിലോകം; ഓർക്കുക കാവലിരിക്കുകയാണ്

### പഠനം

ജൈവമനുഷ്യൻ; വേട്ടക്കാരനും വിരുന്നുകാരനും; പരിസ്ഥിതി, പ്രകൃതി, ദാരിദ്ര്യം, ജലം, ഊർജ്ജം; എഴുത്ത്: പുസ്തകം മുതൽ യുദ്ധം വരെ; സ്ഥാനം തെറ്റിയ വസ്തു.

### മറ്റുള്ളവ

സംഭാഷണങ്ങൾ (പ്രശസ്തകവി സച്ചിദാനന്ദനുമായുള്ള സംഭാഷണങ്ങൾ); കത്തുകൾ, ശില്പങ്ങൾ, കവിതകൾ (എം. ഗോവിന്ദനുമായി നടത്തിയ കത്തുകൾ, ആനന്ദിന്റെ ശില്പങ്ങൾ, കവിതകൾ എന്നിവയുടെ സമാഹാരം); കവി ബന്ദ്യഘടിഗായിയുടെ ജീവിതവും മരണവും (മഹാശ്വേതാദേവിയുടെ കൃതിയുടെ മലയാള വിവർത്തനം).

## പുരസ്കാരങ്ങൾ

വയലാർ അവാർഡ് (1993); ഓടക്കുഴൽ അവാർഡ് (1996); കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം—2012 മഹാശ്വേതാദേവിയുടെ കൃതി മലയാള വിവർത്തനം; കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം (2012); യശ്പാൽ അവാർഡ്—ആൾക്കൂട്ടം; കേരള സാഹിത്യ അക്കാദമി അവാർഡ്—അഭയാർത്ഥികൾ; വയലാർ അവാർഡ്—മരുഭൂമികൾ ഉണ്ടാകുന്നത്; കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്—ഗോവർദ്ധനന്റെ യാത്രകൾ (1997); മുട്ടത്തു വർക്കി അവാർഡ് (2000); വള്ളത്തോൾ അവാർഡ് (2015); എഴുത്തച്ഛൻ പുരസ്കാരം (2019).

## സായാഹ്നയിൽ ലഭ്യമായ ആനന്ദിന്റെ കൃതികൾ

- നദികളും മണലും
- ഇന്ത്യൻ ജനാധിപത്യം അതിനെ സാധ്യമാക്കിയ മൂല്യങ്ങളോട് എങ്ങനെ പെരുമാറി

ചിത്രങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.

## പ്രതികരണങ്ങൾ

### കെ വേലപ്പന്റെ കോലംകെടുന്ന കേരള തലസ്ഥാനം

- കെ. വേലപ്പന്റെ ലേഖനം എത്ര ശ്രദ്ധേയവും ലളിതവുമാണ്! ബേക്കറുടെ സ്കെച്ചുകൾ കൂടി ചേരുമ്പോൾ മനോഹരവും. തിരുവനന്തപുരത്തു പോകുമ്പോഴൊക്കെ ഇക്കാര്യം അറിയാതെ കണ്ണിനും മനസ്സിനും വേദന നൽകാറുണ്ടെങ്കിലും ഇനി പോകുമ്പോൾ ഈ വൈരുദ്ധ്യം കുറെക്കൂടി ശ്രദ്ധിച്ചു പോവും. നല്ല സംരംഭം. കുറെക്കാലം സ്വന്തം മാസികകളുടെയും പുസ്തകങ്ങളുടെയും പ്രൂഫ് റീഡറായിരുന്ന ആളെന്ന നിലയിൽ രണ്ടു മൂന്നു തെറ്റുകൾ അറിയാതെ കണ്ണിൽ പെട്ടു . അവിടെ ഇനിയും ശ്രദ്ധയാകാം. ലിപി, ചിത്രം, ചിന്ത, ഘടന എല്ലാറ്റിനും അഭിനന്ദനങ്ങൾ. ഫോണിൽ തിരശ്ശീല വിപുലീകരിക്കാതെ ഇത്ര ഭംഗിയായി എന്തെങ്കിലും വായിക്കാൻ കഴിഞ്ഞ ഓർമ്മയില്ല. നന്ദി. — സച്ചിദാനന്ദൻ

- Velappan was a true journalist who reflected things as it is. The lean weak man whom we met outside the university or public library had a pen thousand times stronger. We all were witnessing then the harm the craze for money was doing to the clean and beautiful city in those days. We felt it was words from our heart that he wrote. But the destruction continues ...even after three or four decades. Cultural degradation. Deformed aesthetics. There will be no going back — രാമൻ നായർ

- വേലുവിന്റെ ലേഖനങ്ങൾ ഇങ്ങനെ പ്രസിദ്ധീകരിക്കാൻ കാണിച്ച സന്മനസ്സിന് നന്ദി. വേലപ്പനെ വ്യക്തിപരമായി അറിയുന്നവർക്കുള്ള അമൂല്യ സ്മരണോപഹാരം – ഒരു ഫിലിം അപ്രീസിയേഷൻ വർക്ക്ഷോപ്പിൽ പങ്കെടുക്കുമ്പോൾ കാര്യവട്ടത്തുള്ള സുഹൃത്തുക്കളുടെ ഹോസ്റ്റൽ മുറികളിൽ സിനിമ ചർച്ചകൾ കഴിഞ്ഞ് പത്രം വിരിച്ച് ഉറങ്ങിയിരുന്ന രാത്രികൾ ഓർമ്മ വന്നു. വേലപ്പൻ എന്തെഴുതുമ്പോഴും അതിൽ ആ മനസ്സിന്റെ കയ്യൊപ്പുണ്ടാകും. — ബഷീർ അബ്ദുൾ

- ബേക്കർ സായ്‌വ് നട്ടുച്ച വെയിലത്ത് സ്പെൻസർ ജംഗ്ഷനിലെ ഫുട്ട്പാത്തിലിരുന്ന് ഞങ്ങടെ കോളേജ് ഉൾപ്പെടെയുള്ള മന്ദിരങ്ങൾ സ്കെച്ച് ചെയ്യുന്നതും വേലപ്പണ്ണൻ രാത്രി മഞ്ഞത്ത് ഒരു തലേക്കെട്ടുമായി സെർഗി പരജ്ജനോവിൻ്റെ “വിസ്മൃതപൂർവ്വികരുടെ നിഴലുക”ളെക്കുറിച്ചും ഇവോൺ കൊഞ്ചലോസ്കിയുടെ “സൈബീരിയാഡി”നെക്കുറിച്ചും വാതോരാതെ വാദിച്ചു കൊണ്ട് ഞങ്ങൾ സ്റ്റാലിനിസ്റ്റ് വിദ്യാർത്ഥികൾക്കൊപ്പം വാൻറോസിൽ നിന്ന് സ്പെൻസറിലേക്ക് കിതച്ചു നടക്കുന്നതും ഓർമ്മ വരുന്നു. മരിച്ചിട്ട് കൊല്ലമെത്ര കഴിഞ്ഞു. ഇപ്പോഴും, ലോകം കലങ്ങുമ്പോഴെല്ലാം വേലപ്പണ്ണൻ വരും. പതിഞ്ഞു മെലിഞ്ഞ ശബ്ദത്തിൽ തർക്കിക്കും. സായാഹ്നയ്ക്കും ആ പി.ഡി.എഫിനും ഹുസൈനും ഒരു ലോഡ് നന്ദി. — അൻവർ അലി

### സ്വന്തം കവിതയെക്കുറിച്ച്

- എന്റെ കവിതകൾ ഇനി അക്ഷര ഭംഗിക്കു വേണ്ടിയെങ്കിലും അഹൃദയർ പോലും വായിക്കുമല്ലോ എന്ന് വൃദ്ധാഹ്ളാദം. — സച്ചിദാനന്ദൻ

### ഫോൺ പതിപ്പുകളെക്കുറിച്ച്

- എല്ലാം അടുത്തേക്ക് വരുന്നു എന്ന് കാണുന്നതിന് തന്നെ എന്തൊരു ചന്തം. പൂരമോ, പൂക്കാലമോ ആയ പോലെ,...— കെ.ജി. ശങ്കരപ്പിള്ള

- അടുത്ത കാലത്തായി അച്ചടിച്ച അക്ഷരങ്ങൾ കാണുമ്പോ എന്തൊക്കെയോ ഭയങ്ങളും ഏതോ തട്ടിപ്പിലകപ്പെട്ട വേവലാതിയുമാണ്. ഇങ്ങനൊരു സ്ഥലം കാണുമ്പോ സന്തോഷത്തിനേക്കാളേറെ ആശ്വാസം. എങ്ങനെയാണ് ഇതിന്റെ ചെലവുകൾ. അറിയിക്കുമല്ലോ.
  — റോയ്, കെ.ബി.

- Very pleasant and soothing reading experience... on the palm top... thank you for adding me... Looking forward to many more from “സായാഹ്ന”
  — Geetha Sebastian

- ടോട്ടോച്ചാനിൽ തുടങ്ങി ടോട്ടോച്ചാനിൽ അവസാനിക്കുന്ന എന്റെ വായനാനുഭവം വെച്ച് ഈ യമണ്ടൻ ഗ്രൂപ്പിൽ എനിക്കെന്താ കാര്യം എന്നാലോചിക്കുകയായിരുന്നു. എന്തായാലും “സഞ്ജയൻ“ ഒരാശ്വാസമായി.
  — ഫ്ലെമിൻ സൈമൺ

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014